പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി

205(2197) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുജനകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ എന്തെല്ലാം കാര്യങ്ങളാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം ആരംഭിച്ച എ.റ്റി.എസ്.പി. (അഡീഷണൽ ടൈബൽ സബ്പ്ലാൻ) പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികളുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ടി കോളനികളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കമ്മ്യൂണിറ്റി കൾച്ചറൽ സെന്ററുകൾ, ശിശുപരിപാലനം, അംഗൻവാടികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ കൂടാതെ ഇന്റർനെറ്റ്, എൽ.സി.ഡി. ടി.വി. എന്നീ സൗകര്യങ്ങളോടുകൂടിയ വായനശാലകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

2013-14 വർഷത്തിൽ ആരംഭിച്ച ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അംഗൻവാടി പുനരുദ്ധാരണം, സാംസ്കാരിക നിലയ നിർമ്മാണം എന്നീ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

(ബി) ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി മേഖലാ കേന്ദ്രീകൃത കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർമാരുമായും, വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് ജില്ലാതല ഓഫീസ്

206(2198) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി ഒരു ഓഫീസില്ലെന്നും ആയത് ഇപ്പോൾ ഗ്രാമവികസന വകുപ്പിനു കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിനുവേണ്ടി ബഡ്ജറ്റ് തയ്യാറാക്കുന്നതുപോലും ഗ്രാമവികസന വകുപ്പിലെ ITDP ഉദ്യോഗസ്ഥരാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോഴും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശിശുക്കൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വകുപ്പിനു സ്വന്തമായി ഒരു ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

207(2199) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം ചെയ്യുന്നുണ്ടോ ;